# Mathrubhumi

## 22 August 2018

## Kochi, Kalady, After Flood, Flood Victims, Widespread Damage



# കത്തുന്നു, നെഞ്ചിലെ കനൽ

**രവിയുടെയും കാർത്യായനിയുടെയും ജീവിതം എന്നു നേരെയാകും**

വീണ്ടെടുക്കും നാടിനെ

**കൊച്ചി** ▸ കയറിക്കിടക്കാൻ പോയിട്ട് ചവിട്ടി നിൽക്കാൻ പോലും ഇടമില്ല ഇവിടെ. ചവിട്ടിയാൽ അവിടം കുഴിഞ്ഞു പോകും. വെള്ളം കയറി കുഴഞ്ഞുമറിഞ്ഞ് കിടക്കുകയാണ്. കാലടി തോട്ടസ്ലാട് കോളനിയിലെ പാലേലിൽ വീട്ടിൽ രവിയുടെയും കർത്യായനിയുടെയും വീട്ടിലെ അവസ്ഥയാണിത്.

വീട്ടിലേക്ക് കയറിയപ്പോൾ തന്നെ രവി പറഞ്ഞു: 'ഇവിടെയൊന്നുമില്ല മോനെ... എങ്ങനെയിതൊക്കെ നേരെയാക്കും...?' ഇനിയൊരു വീട് കെട്ടിപ്പടുക്കാനുള്ള അവസ്ഥയോ സ്ഥിതിയോ ഇവർക്കില്ല. അസുഖം ബാധിച്ച് ഒരു വർഷത്തോളമായി രവി ജോലിക്ക് പോയിട്ട്. പെയിൻറിങ് പണിയായിരുന്നു. ഭാര്യ കർത്യായനി വീട്ടുജോലിക്ക് പോയി കിട്ടുന്ന 75 രൂപയാണ് വീട്ടിലെ വരുമാനം. കഷ്ടപ്പാട് താങ്ങാനാവാതെ വിദ്യാർഥിയായ മകൻ രാകേഷ് ഇപ്പോൾ ചെറിയ ജോലികൾക്ക് പോകുന്നുണ്ട്. അതിനിടയിലാണ് കയറിക്കിടക്കാനുള്ള വീടും വെള്ളം കയറിപ്പോയത്.

സാധനങ്ങൾ ഒന്നും മാറ്റാൻ പറ്റിയിരുന്നില്ല. ഒരു സാധനം പോലുമില്ലാതെ എല്ലാം പോയി. പാത്രങ്ങൾ കുറെ ഒഴുകിപ്പോയി, കുറച്ച് കിട്ടി. കിട്ടിയവ വാരിയെടുക്കുന്ന തിരക്കിലാണ് രവിയും കാർത്യായനിയും. ഓരോ പാത്രവും പൊക്കുമ്പോൾ ചീത്ത വെള്ളത്തിൻെറ ദുർഗന്ധമാണ്. മൂക്ക് പൊത്താതെ കഴുകി മാറ്റിവയ്ക്കുകയാണ് കാർത്യായനി. അരിയും ഗോതമ്പും പായും തലയിണയും ബെഡ്ഡും അടുപ്പ് കത്തിക്കാനുള്ള വിറക് പോലും ഇനി ബാക്കിയില്ല.

പണ്ടേ വെള്ളം കയറുന്ന സ്ഥലമാണിത്, ഞണ്ടുകൾ കയറുന്ന പഴുതിലൂടെയാണ് വെള്ളം കയറുന്നത്. അതുകൊണ്ട് പലയിടത്തു നിന്നായി ശേഖരിച്ച ടൈലുകൾ വീടിനകത്ത് നിരത്തിയിരുന്നു. അതും വെള്ളം കൊണ്ടുപോയി.

വെള്ളം കയറാൻ തുടങ്ങിയ ആദ്യ ദിവസം മുതൽ ശങ്കര കോളേജിലെ ക്യാമ്പിലായിരുന്നു ഇവർ. ഇപ്പോൾ തൊട്ടടുത്ത് ഒരു വീട് വാടകയ്ക്കെടുത്ത് ക്യാമ്പ് അധികൃതർ തന്നെ ഇവരെ മാറ്റിയിട്ടുണ്ട്.